# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3824 — 21.06.2018-ൽ മറുപടിക്ക്

### കൈത്തറി ആന്റ് ടെക്സ്റ്റൈൽ വകുപ്പ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

(എ) കൈത്തറി ആന്റ് ടെക്സ്റ്റൈൽ വകുപ്പ് നവീകരിക്കുന്നതിനും സംസ്ഥാനത്ത് കൈത്തറി തുണിത്തരങ്ങളുടെ ഉല്പാദനവും വിപണനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. കൂടാതെ "യുവവീവ്" എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടുകൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിൽ ആയി പുതിയ 500 പേരെ നെയ്ത്തു മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹാന്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ ഓരോ

| | | | |
|---|---|---|---|
| | | | ഡിസൈൻ സെന്ററുകൾ സ്ഥാപിച്ച് ഡിസൈനർമാരുടെ സേവനം ലഭ്യമാക്കി കൈത്തറി മേഖലക്ക് ആവശ്യമായ മൂല്യവർദ്ധനവിന് ലക്ഷ്യമിടുന്നു. |
| (ബി) | കൈത്തറി തുണിത്തരങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ് 2017-18 വർഷത്തിൽ എത്ര പ്രാവശ്യം ഹാന്റ്ലൂം എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കൈത്തറി തുണിത്തരങ്ങളുടെ വിപണനത്തിനായി 2017 വിഷു, ഓണം, ക്രിസ്തുമസ് കാലത്ത് സംസ്ഥാന വ്യാപകമായി കൈത്തറി എക്സിബിഷനുകൾ സംഘടിപ്പിച്ചു. കൂടാതെ 2017 നവംബർ മാസം ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്തിട്ടുണ്ട്. 2017-18 കാലയളവിൽ പാലക്കാട് നടന്ന മലബാർ ക്രാഫ്റ്റ് മേള, വടകരയിൽ സംഘടിപ്പിച്ച ഇരിങ്ങൽ ഫെസ്റ്റ് എന്നിവയിലും നടന്ന എക്സിബിഷനുകളിൽ പങ്കെടുത്തു. |
| (സി) | കൈത്തറി & ടെക്സ്റ്റൈൽ വകുപ്പിൽ റിവൈവൽ,റീസ്ട്രക്ചറിംഗ് & റീഫോം പാക്കേജ് എന്ന പദ്ധതിക്കായി 2017-18 വർഷത്തിൽ എത്ര തുകയാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി തുക ഒന്നും തന്നെ അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**